# അല്ലാഹു ശത്രുക്കളിൽനിന്ന് ജമാഅത്തിനെ കാത്തുരക്ഷിക്കുമാറാകട്ടെ

**ഇ**ന്നും ഞാൻ വിശുദ്ധഖുർആനിലെ വിവിധ പ്രാർത്ഥനകൾ നിങ്ങളോടു പറയുന്നതാണ്. റമളാൻ മാസമാണിത്. ഇപ്പോൾ നാം അവസാനപത്തിൽ കാലുവയ്ക്കുകയാണ്. ഈ ദിനങ്ങളിൽ പ്രാർത്ഥനാ സ്വീകാര്യതയുടെ കാഴ്ചകൾ മുമ്പത്തെക്കാൾ കൂടുതലായി അല്ലാഹു കാണിക്കുന്നു. അല്ലാഹു തന്റെ പ്രത്യേക ദാസർക്ക് തന്റെ സാമീപ്യം നല്കിയനുഗ്രഹിക്കുന്ന ഒരു രാത്രിയും ഇതിലുണ്ട്. എന്തായാലും ഒരഹ്മദി ഈ പ്രത്യേക ദിവസങ്ങളിൽ, പ്രത്യേക സമയത്തിൽനിന്ന് പൂർണ്ണമായും ഫലമെടുക്കേണ്ടതാണ്. ഫലമെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ ഭാഷയിൽ നാം നമുക്കുവേണ്ടിയും നമ്മുടെ ഭാര്യാമക്കൾക്കു വേണ്ടിയും നമ്മുടെ ബന്ധുക്കൾക്കുവേണ്ടിയും ദുആ ചെയ്യുമ്പോൾ അതിനോടൊപ്പം അല്ലാഹു നമുക്ക് പഠിപ്പിച്ചുതന്ന ദുആകളും അല്ലെങ്കിൽ അല്ലാഹു ഏറ്റവും അധികം സ്വീകരിച്ച നബി (സ) തിരുമേനി ചെയ്തിട്ടുള്ള ദുആകളും നാം ചെയ്യേണ്ടതാണ്. കാരണം ദുആ സ്വീകാര്യതയുടെ രീതി ഏറ്റവും നന്നായിട്ടറിഞ്ഞിരുന്നത് നബി(സ) തിരുമേനിയാണ്. ജമാഅത്തിൽ സാധാരണ ചെയ്തുവരുന്ന ചില ദുആകളുമുണ്ട്. അത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു ഇൽഹാം മുഖേന അറിയിച്ചിട്ടുള്ളതാണ്. അല്ലാഹു പറഞ്ഞുതന്നിട്ടുള്ള വഴി സ്വായത്തമാക്കിക്കൊണ്ട് നമുക്കും നമ്മുടെ ബന്ധുമിത്രാദികൾക്കും മക്കൾക്കും ജമാഅത്തിനും വേണ്ടി ദുആ ചെയ്യാൻ നമുക്ക് തൗഫീഖ് ലഭിക്കുമാറാകട്ടെ. നമ്മുടെ ഈ പ്രാർത്ഥനകൾ, ദുആ സ്വീകാര്യതയുടെ നില പ്രാപിക്കുന്നതായിത്തീരട്ടെ. നമ്മുടെ ഈ പ്രാർത്ഥനകളുടെ പരമ്പര താൽക്കാലികമായതും, റമസാനുശേഷം അവസാനിക്കുന്നതുമായിത്തീരാതിരിക്കട്ടെ. അല്ലെങ്കിൽ ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ ദുആ ചെയ്യുന്നത് അത് നിറുത്തുന്നവരായിത്തീരാതിരിക്കട്ടെ. നമ്മൾ വിഷമഘട്ടത്തിലായിരിക്കുമ്പോൾ ദുആ ചെയ്യുകയും ആവലാതിപ്പെടുകയും– ചിലർ എനിക്ക് കത്തെഴുതുന്നതുപോലെ– അല്ലാഹു അതകറ്റി സൗഖ്യം നല്കുമ്പോൾ നമസ്കാരം പോലും അനുഷ്ഠിക്കാത്തവരായി തീരുകയും ചെയ്യുന്നനില ഉണ്ടാകാതിരിക്കട്ടെ.

മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത ഒരഹ്മദി ഈ രീതിയിൽ ജീവിക്കുന്നില്ലെങ്കിൽ– കാര്യം നേടി അല്ലാഹുവിനെ മറക്കുന്ന നിലയിലും റമസാൻ തീരുന്നതോടെ നമസ്കാരവും പ്രാർത്ഥനയും അവസാനിക്കുന്ന നിലയിലും ആകാൻ പാടില്ല. നമ്മുടെ പ്രാർത്ഥനകൾ എന്നെന്നും നിലനില്ക്കുന്നതായിത്തീരേണ്ടതാണ്. ഓരോ ദിവസവും ഓരോ അഹ്മദിക്കും അല്ലാഹുവിൽ വിശ്വാസവും, ദുആ സ്വീകാര്യതയിൽ ദൃഢവിശ്വാസവും വളർന്നുകൊണ്ടിരിക്കേണ്ടതാണ്. അഹ്മദിയുടെ പാദം ഒരിടത്ത് ഉറച്ചുപോകാൻ പാടില്ല. മറിച്ച്, ***ഫസ്തബിഖുൽ ഖയ്റാത്ത*** എന്ന വിഷയം മനസ്സിലാക്കിയും, നന്മകളെ തിരിച്ചറിഞ്ഞുകൊണ്ട് നന്മകളിൽ മുന്നോട്ടു മുന്നോട്ടു ചുവട്വയ്ക്കുന്നവരായിത്തീരേണ്ടതാണ്. എല്ലാ കാര്യത്തിലും ദൃഷ്ടി അല്ലാഹുവിലേക്കായിരിക്കണം. കാരണം അല്ലാഹുവിന്റെ പാരിതോഷികങ്ങളിലും അവന്റെ ഔദാര്യങ്ങളിലും കൂടുതൽ അവന്റെ മുമ്പിൽ കുനിയുന്നവനാണ് സത്യവിശ്വാസി. എന്തെങ്കിലും പരീക്ഷണം വരുമ്പോഴും അല്ലാഹുവിന്റെ മുന്നിൽതന്നെയാണ് കുനിയേണ്ടത്. കാര്യം നേടാൻ വേണ്ടിമാത്രം ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധതിരിക്കുന്നത് ഒരു സത്യവിശ്വാസിക്ക് ചേർന്നതല്ല. അല്ലെങ്കിൽ റമസാൻ മാസത്തിൽ തന്റെ ഉള്ളിൽ ഒരു മാറ്റം വരുത്തുകയും, പിന്നീട് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കേണ്ടതും അല്ലാഹുവിനോടുള്ള കടമ നിറവേറ്റേണ്ടതും നിർബന്ധമാണെന്ന കാര്യം മറന്നുപോകുകയും ചെയ്യുക. അല്ലാഹു തന്റെ ദാസനെ എപ്പോഴും അനുഗ്രഹിച്ചുകൊണ്ടിരിക്കാൻ അവന്റെ തിരുസന്നിധിയിൽ സത്യവിശ്വാസി നന്ദിവികാരത്തോടെ സദാ ഇരിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ഈ ദുആയിൽ ഭാഗഭാക്കായിത്തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. അതിൽ അവിടന്ന് പറഞ്ഞു. എന്റെ ജമാഅത്തിലുള്ളവർ അല്ലാഹുവിനെ ഭയപ്പെടുന്നവരിലും രാത്രി എണീറ്റ് തറയിൽ വീഴുന്നവരിലും കരയുന്നവരിലും അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങളെ നഷ്ടപ്പെടുത്താത്തവരിലും ആയിത്തീരാൻ ഞാൻ പ്രാർത്ഥിക്കുന്നു. പിശുക്കന്മാരും എല്ലാം തടയുന്ന

വരും അശ്രദ്ധരും ലോകത്തിന്റെ കീടങ്ങളും ആകാതരിക്കാനും ഞാനൊരുപാട് ദുആ ചെയ്യുന്നു. നമ്മളിലോരോരുത്തരും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനകളുടെ അനന്തരാവകാശികളായിത്തീരുമാറാകട്ടെ. അല്ലാഹു നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങളുടെ നിർവ്വഹണവും നമസ്കാരത്തിലേക്കുള്ള ശ്രദ്ധയും താൽക്കാലികവും, റമസാനിൽ മാത്രം ഒതുങ്ങിനിൽക്കുന്നതും ആകാതെ എപ്പോഴും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കട്ടെ. അല്ലാഹുവിനെ ആരാധിക്കുന്നതിലും അവനോട് പ്രാർത്ഥിക്കുന്നതിലും ഒരിക്കലും നാം അശ്രദ്ധരാകാതിരിക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ലൗകികതയുടെ കീടങ്ങളാണെന്ന് പറയപ്പെടുമാറ് നാം അതിലേക്ക് കുനിയുന്നവരാകാതിരിക്കട്ടെ. ഹസ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞ 'ആരുടെ സൽമാതൃക കൊണ്ട് ജനങ്ങൾക്ക് അല്ലാഹുവിനെ ഓർമ്മവരുമോ' അത്തരക്കാരിലും തഖ്‌വയുടെയും പരിശുദ്ധിയുടെയും ഒന്നാമത്തെ സ്ഥാനത്ത് നിലകൊള്ളുന്നവരിലും ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചവരിലും നാം ഉൾപ്പെടുമാറാകട്ടെ. നമ്മുടെ അവസ്ഥ ഇതായിത്തീരുമ്പോൾ, ഇൻശാഅല്ലാഹ്, അല്ലാഹു തന്റെ പക്കൽ നിന്ന് നമുക്ക് എപ്പോഴും സമാധാനത്തിന്റെ സാഹചര്യം ഒരുക്കിത്തരുന്നതാണ്. തന്റെ അനുഗ്രഹം കൊണ്ട് കടാക്ഷിക്കുന്നതാണ്. നമ്മുടെ പ്രാർത്ഥനകളും സ്വീകാര്യതയുടെ നില പ്രാപിക്കുന്നത്.

സൽക്കർമ്മങ്ങൾ ചെയ്യുന്നതിനും സൗഭാഗ്യം കരസ്ഥമാക്കുന്നതിനും അല്ലാഹുവിനോട് നന്ദികാണിക്കുന്നതിനുമുള്ള പ്രാർത്ഥന.

***റബ്ബി അവ്സിഅ്നീ അൻ അശ്കുറ നിഅ്മത്തക്കല്ലത്തീ അൻഅംത അലയ്യ വഅലാവാലിദയ്യ വഅൻ അഅ്മല സ്വാലിഹൻ തർളാഹു വ അദ്ഖിൽനീ ബിറഹ്മത്തിക്ക ഫീ ഇബാദിക്കസ്സ്വാലിഹീൻ.***

എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മങ്ങൾ അനുഷ്ഠിക്കാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യംകൊണ്ട് നിന്റെ സദ്‌വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ. (*27:20*)

നന്മ ചെയ്യാനുള്ള ഭാഗ്യവും മനുഷ്യന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ പ്രാപിക്കാനൊക്കുകയുള്ളൂ. അല്ലാഹു നല്കിയിട്ടുള്ള അനുഗ്രഹങ്ങൾക്ക് അവനോട് നന്ദി കാണിക്കാനും അവൻ നല്കിയിട്ടുള്ള കഴിവുവേണം. പ്രാർത്ഥനയുടെ ബോധവും അറിവുമില്ലാത്തവരും അല്ലാഹുവിന്റെ ശക്തിപ്രഭാവത്തെക്കുറിച്ച് ശരിയായ ജ്ഞാനമില്ലാത്തവരും എന്തെങ്കിലും വിജയം കരസ്ഥമാക്കിയാൽ അത് തങ്ങളുടെ സ്വന്തം കഴിവിലാണ് ലഭിച്ചതെന്ന് കരുതുന്നു. തങ്ങളുടെ കരവിരുതും പരിശ്രമവും അറിവും കൊണ്ടാണെന്ന് പറയുന്നു. പക്ഷേ, ഒരു സ്വാതികനായ മനുഷ്യൻ എപ്പോഴും ഓരോ സൽകർമ്മത്തിലും അല്ലാഹുവിന് നന്ദി പറയുന്നു. അല്ലാഹുവേ നിന്റെ അനുഗ്രഹം കൊണ്ടാണ് എനിക്കീ സമ്മാനം കിട്ടിയത്. ഞാൻ നിന്നോട് നന്ദിയുള്ളവനാണ്. നന്ദി പ്രകടിപ്പിക്കുന്നതിന് ഞാൻ കൂടുതൽ നിന്നിലേക്ക് കുനിയുന്നു. എപ്പോഴും നിന്നോട് നന്ദിയുള്ളവനായിരിക്കാൻ നീ എനിക്ക് തൗഫീഖ് നല്കിയാലും. എന്നിൽനിന്ന് നിനക്കിഷ്ടപ്പെടാത്ത ഒരു പ്രവൃത്തിയും ഉണ്ടാകാനിടവരരുതേ. സൽകർമ്മകാരികളിൽ എപ്പോഴും എന്നെ ഉൾപ്പെടുത്തേണമേ. ഏതൊരു അഹ്മദിയുടെ ജീവിതം കണ്ടുകൊണ്ട് മറ്റുള്ളവർക്ക് ദൈവം ഓർമ്മ വരണമെന്നാണോ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് അത്തരം അഹ്മദികളിൽ എന്നേയും ഉൾപ്പെടുത്തേണമേ. സൽക്കർമ്മം സമ്പാദിക്കുന്നതിനും ദൈവസാമീപ്യം കരസ്ഥമാക്കുന്നതിനും, ഇത്തരം അഹ്മദികളുടെ മാതൃക സ്വീകരിക്കേണ്ടതാണെന്ന് മറ്റുള്ളവർക്കും തോന്നണം.

നബി(സ) തിരുമേനിയുടെ പ്രവചനത്തെ സത്യപ്പെടുത്തിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചതു തന്നെ ഒരു അഹ്മദിയെ സംബന്ധിച്ചിടത്തോളം വലിയ സമ്മാനമാണ്. അവിടത്തെ ജമാഅത്തിൽ ചേർന്നുകൊണ്ട്, കഴിഞ്ഞ 15 നൂറ്റാണ്ടായി മുസ്ലിംകൾ പ്രതീക്ഷിക്കുന്ന ആളെക്കൊണ്ടും അല്ലാഹു നമ്മെ കടാക്ഷിച്ചു. ആ മഹാത്മാവിനെ കണ്ടെത്താത്തതിനാലും മുസ്ലിംകൾ അദ്ദേഹത്തെ വിശ്വസിക്കാത്തതിനാലും, അവരുടെ ഏടുകൾ ചിതറപ്പെട്ടിരിക്കുന്നു. ഭിന്നിപ്പുണ്ടായിരിക്കുന്നു. മുസ്ലിംകളുടെ കൈയിൽ ഭരണകൂടങ്ങളും എണ്ണപ്പണവും പ്രകൃതിപരമായ മറ്റു വരുമാനമാർഗ്ഗങ്ങളും ഉണ്ടായിട്ടും അന്യർ അവരെ തങ്ങളുടെ വരുതിയിൽ ആക്കിയിരിക്കുന്നു. മുസ്ലിം രാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം വൈരാഗ്യം വളർന്നുകൊണ്ടിരിക്കുന്നു. ഓരോ കക്ഷിയും എതിർകക്ഷിയുടെമേൽ ആക്രമണം നടത്താൻ സദാ തയ്യാറായിരിക്കുന്നു. ഓരോ കക്ഷിയും ഒന്ന് മറ്റൊന്നിന്റെ പിന്നാലെ കൂടിയിരിക്കുന്നു. ഉലമാക്കൾ മുസ്ലിംകളെ തെറ്റായ പാതയിൽ നയിക്കു

ന്നു. അല്ലാഹു ഇസ്‌ലാമിന് നല്കിയിട്ടുള്ളത് മനോഹരമായ അദ്ധ്യാപനങ്ങളാണ്. എന്നിട്ടും മുസ്‌ലിംകളുടെ ഈ അവസ്ഥ എന്തുകൊണ്ടാണ്. കാരണം വരേണ്ടിയിരുന്ന മസീഹിനേയും മഹ്ദിയേയും ഇവർ നിഷേധിച്ചുവെന്നതു മാത്രമാണ്. അല്ലാഹു നല്കിയ ഈ സമ്മാനത്തിന് ഓരോ അഹ്മദിയും അവനോട് നന്ദിയുള്ളവനായിരിക്കേണ്ടതാണ്. ഇന്ന് ഒരഹ്മദി തിരിച്ചറിയപ്പെടുന്നത് ലോകത്ത് വിവിധ രീതിയിലാണ്. മാന്യരായ ആളുകളുടെ ഇടയിൽ അഹ്മദി, ഇസ്‌ലാമിനെ പരിചയപ്പെടുത്തുമ്പോൾ ഇസ്‌ലാമിന്റെ ശരിയായവശം മുന്നിൽ സമർപ്പിക്കുമ്പോൾ എല്ലായിടത്തും അവർ ആദരിക്കപ്പെടുന്നു. ഈ ആദരവിനും അല്ലാഹുവിന്റെ ഈ സമ്മാനത്തിനും അഹ്മദി നന്ദിയുള്ളവനായിരിക്കേണ്ടതാണ്. ഈ നന്ദിയ്ക്ക് പകരം കൂടുതൽ നന്മ ചെയ്യാനുള്ള അവസരവും അല്ലാഹു നല്കുന്നതാണ്. ദൈവസാമീപ്യം കൂടുതൽ മെച്ചപ്പെടുത്താൻ സൽക്കർമ്മങ്ങൾ സഹായിക്കാന്നു. ഇങ്ങനെ സത്യവാനായ ഒരഹ്മദിയുടെ അച്ചുതണ്ട് അല്ലാഹു മാത്രമായിത്തീരുന്നു. അതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും.

അല്ലാഹു ഓരോ അഹ്മദിക്കും സൽകർമ്മങ്ങൾ ചെയ്യാനും അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കാനും കഴിവ് നല്കുമാറാകട്ടെ.

കുട്ടികളെ സംബന്ധിച്ചുള്ള ദുആയാണ് അടുത്തതായി കേൾപ്പിക്കുന്നത്. വിവാഹം നടക്കുമ്പോൾ ഓരോ പുരുഷനും സ്ത്രീയ്ക്കും തങ്ങൾക്ക് സന്താനമുണ്ടാകണമെന്ന ആഗ്രഹം ഉണ്ടാകും. കുറച്ചു കാലം കഴിഞ്ഞിട്ടും കുട്ടികൾ ഉണ്ടാകുന്നില്ലെങ്കിൽ, വളരെ വിഷമം പ്രകടിപ്പിക്കുന്നു. എനിക്കും നിത്യവും ഒരുപാട് കത്തുകൾ ലഭിക്കാറുണ്ട്. അതിൽ ഇത്തരം വിഷമങ്ങൾ പ്രകടിപ്പിക്കാറുണ്ട്. ദുആ ചെയ്യാൻ പറയുന്നു. പക്ഷേ നന്മ പ്രവർത്തിക്കുന്നവരും സാത്വികരുമായ സന്താനങ്ങൾ തരേണമേ എന്ന പ്രാർത്ഥനയോടെയാണ് സന്താനങ്ങളെ ആഗ്രഹിക്കേണ്ടതെന്ന കാര്യം ഓരോ അഹ്മദിയും ഓർമ്മ വയ്ക്കേണ്ടതാണ്. ഇതിന് മാതാപിതാക്കൾ ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം അവർ സ്വയം കുട്ടികൾക്കുവേണ്ടി ദുആ ചെയ്യുമ്പോൾ തങ്ങളുടെ അവസ്ഥയെക്കുറിച്ചും ചിന്തിക്കുക എന്നതാണ്. ചിലർ ദുആ ചെയ്യാൻ പറയുമ്പോൾ, താങ്കൾ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നുണ്ടോ ദുആചെയ്യുന്നുണ്ടോ എന്നു ചോദിച്ചാൽ, അക്കാര്യത്തിൽ ഒട്ടും ശ്രദ്ധിക്കുന്നില്ലായെന്ന് മനസ്സിലാകുന്നു. അതുകൊണ്ട് സന്താനങ്ങളെ ആഗ്രഹിക്കുന്നതിനു മുമ്പേ, കുട്ടിയുണ്ടെങ്കിൽ അവരുടെ ശിക്ഷണത്തിനായി സ്വന്തം അവസ്ഥയിലും ചിന്തിക്കേണ്ടതാണ്.

ഹസ്റത്ത് സക്കരിയ്യാ(അ) ചെയ്ത ഒരു ദുആ അല്ലാഹു വിശുദ്ധഖുർആനിൽ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

***റബ്ബി ഹബ്‌ലീ മിൻല്ലദുൻക ദുർരിയ്യത്തൻത്വയ്യിബത്തൻ ഇന്നക്ക സമീഉദ്ദുആഅ്.*** എന്റെ നാഥാ, നീ എനിക്ക് നിന്റെ പക്കൽനിന്ന് പരിശുദ്ധരായ സന്തതികളെ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ. (3:39)

നിന്റെ തൃപ്തിയുടെ മാർഗ്ഗത്തിൽ നടക്കുന്നവരായ പരിശുദ്ധമക്കളെ നീ എനിക്ക് നല്കിയാലും. ഈ ദുആ ചെയ്യുമ്പോൾ, സ്വയം തന്റെ അവസ്ഥയെക്കുറിച്ചും ഓർക്കേണ്ടതുണ്ട്. അല്ലാഹു നല്കിയ കല്പനയനുസരിച്ചാണോ ഞാൻ പ്രവർത്തിക്കുന്നത്? എന്ന്.

ഒരിടത്ത് ഹസ്റത്ത് ഇബ്റാഹിം(അ) ചെയ്ത ദുആയെക്കുറിച്ച് പറയുന്നു: ***റബ്ബി ഹബ്‌ലീ മിനസ്സാലിഹീൻ*** എന്റെ നാഥാ, നീ എനിക്ക് സദ്‌വൃത്തരിൽപെട്ട സന്തതികളെ നല്കേണമേ. (37:101)

മാതാപിതാക്കൾ മക്കളുണ്ടാകണമെന്നാഗ്രഹിക്കുമ്പോൾ, സൽസന്താനങ്ങളുണ്ടാകാൻ ആഗ്രഹിക്കേണ്ടതാണ്. അതിനുശേഷം അവരുടെ ശിക്ഷണവും അതനുസരിച്ച് കൊടുത്തുവളർത്തണം. കുട്ടിയുടെ ശിക്ഷണത്തിന് ഏറ്റവുമാദ്യം സ്വന്തം നല്ല മാതൃക നിലനാട്ടണമെന്ന് ഞാൻ പറയുകയുണ്ടായി.

വഖ്ഫ് ചെയ്തിട്ടുള്ള കുട്ടികളുടെ മാതാപിതാക്കൾ പ്രത്യേകം ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ഹസ്റത്ത് ഇബ്റാഹീം(അ) ചെയ്ത ദുആയുടെ ഫലമായി അല്ലാഹു ഏതൊരു സമ്മാനം കൊണ്ടാണോ അനുഗ്രഹിച്ചത്, അവൻ ത്യാഗത്തിന്റെ ഉന്നതമായ ഒരു നില സ്ഥാപിച്ചുകാണിച്ചു. അല്ലാഹു തങ്ങളുടെ ദുആ സ്വീകരിച്ചുകൊണ്ട് യഥാർത്ഥത്തിൽ ദീനിനു സേവകരായിത്തീരുന്നവരും യഥാർത്ഥത്തിൽ അല്ലാഹുവിന്റെ തൃപ്തിയുടെ മാർഗ്ഗം അന്വേഷിക്കുന്നവരും സാത്വികരിൽ ഉൾപ്പെടുന്നവരുമായ മക്കളെക്കൊണ്ടനുഗ്രഹിക്കാൻ കുട്ടികളെ വഖ്ഫെ നൗൽ ചേർക്കുന്ന മാതാപിതാക്കൾ പ്രത്യേകിച്ചും മറ്റുള്ളവർ പൊതുവെയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

കുട്ടികളുടെ സ്വഭാവസംസ്കരണത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)

മറ്റൊരു ഖുർആനിക ദുആയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറയുന്നു: ***അസ്‌ലിഹ് ലീ ഫീ ദുർരിയ്യത്തി.*** എന്റെ ഭാര്യാമക്കളുടെ സ്വഭാവവും നന്നാക്കിത്തീർക്കേണമേ. സ്വന്തം അവസ്ഥ നന്നാക്കിത്തീർക്കുകയും ദുആ ചെയ്യുകയും ചെയ്യുന്നതിനോടൊപ്പം, സ്വന്തം ഭാര്യയ്ക്കും മക്കൾക്കും വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. കാരണം മിക്ക വിഷമങ്ങളും ഉണ്ടാകുന്നത് ഭാര്യയും മക്കളും മുഖേനയാണ്. അവർ കാരണത്താൽ മനുഷ്യന്റെമേൽ കഠിനമായ വിപത്തുകൾ ഉണ്ടാകുന്നു. (അതുകൊണ്ട് മക്കൾക്കുവേണ്ടി ഒരുപാട് ദുആ ചെയ്യണം) പറഞ്ഞു: അവരുടെ സ്വഭാവം നന്നാക്കിത്തീർക്കുവാൻ പൂർണ്ണമായും ശ്രദ്ധിക്കേണ്ടതാണ്. അവർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്.

പിന്നെ മാതാപിതാക്കളാണ്. മാതാപിതാക്കൾ ചെയ്ത ഔദാര്യത്തിന് ജീവിതത്തിലൊരിക്കലും പകരം കൊടുക്കാൻ നിങ്ങൾക്ക് സാധ്യമല്ല. അതുകൊണ്ട് അവർ എങ്ങനെ പെരുമാറിയാലും ദ്വേഷ്യപ്പെട്ടാലും മൃദുവായി പെരുമാറിയാലും നിങ്ങൾ എപ്പോഴും അവരോട് വിനയത്തോടും സ്നേഹത്തോടുംകൂടി പെരുമാറണമെന്ന് അല്ലാഹു നമ്മോട് കല്പിച്ചിരിക്കുന്നു. നിങ്ങൾക്ക് വിഷമം ഉണ്ടാക്കുന്ന കാര്യം അവർ പറഞ്ഞാലും 'ഛെ' എന്നുപോലും പറയരുത്. ക്ഷമയോടെ എല്ലാം സഹിക്കണം. കാരണം നിങ്ങളുടെ ചെറുപ്പത്തിൽ നിങ്ങൾക്കുവേണ്ടി അവർ ചെയ്ത ത്യാഗത്തിന് ഒരിക്കലും ഒന്നും പകരം കൊടുക്കാൻ നിങ്ങൾക്ക് സാധ്യമല്ല. ഇത് പറഞ്ഞുകൊണ്ട് അവർക്കുവേണ്ടി ഇങ്ങനെ ദുആ ചെയ്യാൻ അല്ലാഹു പറഞ്ഞിരിക്കുന്നു.

***റബ്ബിർഹം ഹുമാ കമാ റബ്ബയാനീ സ്വഗീറാ.*** എന്റെ നാഥാ, അവർ രണ്ടുപേരും എന്നെ ചെറുപ്രായത്തിൽ പോറ്റിവളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമേ. (17:25) ഹദീസിൽ വന്നിരിക്കുന്നു, അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: അവന്റെ മൂക്ക് നിലംപതിക്കുകതന്നെ ചെയ്യട്ടെ. അവന്റെ മൂക്ക് നിലംപതിക്കുകതന്നെ ചെയ്യട്ടെ. അവന്റെ മൂക്ക് നിലംപതിക്കുകതന്നെ ചെയ്യട്ടെ. അതായത്, അത്തരം വ്യക്തി നിന്ദ്യനാണ്. വലിയ നിർഭാഗ്യനാണ്. അല്ലാഹുവിന്റെ റസൂലേ, ആരാണവൻ എന്ന് സ്വഹാബത്ത് ചോദിച്ചു. അവിടന്ന് പറഞ്ഞു: വാർദ്ധക്യം ബാധിച്ച മാതാപിതാക്കളെ ലഭിച്ചിട്ടും, അവരെ സേവിച്ച് സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയാത്തവൻ."

ഒരാൾ വന്ന് നബി(സ) തിരുമേനിയോട് ചോദിച്ചു, നബിയേ! എന്നിൽനിന്ന് നല്ല പെരുമാറ്റം ലഭിക്കുവാൻ ഏറ്റവും അവകാശപ്പെട്ടതാരാണ്? നിന്റെ മാതാവ് എന്ന് നബി(സ) പറഞ്ഞു. പിന്നെ ആരാണ്? നിന്റെ മാതാവ്. പിന്നെയാരാണ്? നിന്റെ മാതാവ്. പിന്നെയാരാണ്? നിന്റെ പിതാവ് എന്ന് നബി(സ) പ്രത്യുത്തരം നല്കി.

മാതാപിതാക്കൾ ചെയ്ത ഔദാര്യത്തിന് പകരം കൊടുക്കാൻ മനുഷ്യന് സാധ്യമല്ലെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. പക്ഷേ, ദുആയും അവരോടുള്ള സൽപെരുമാറ്റവും മുഖേന ഒരുപരിധിവരെ മനുഷ്യന് തന്റെ കടമകൾ നിറവേറ്റാൻ കഴിയും. അതിൽ പൊറുക്കലുണ്ട്.

മറ്റൊരു നിവേദനത്തിൽ റമളാൻ മാസം പ്രാപിക്കുകയും എന്നാൽ തന്റെ പാപം പൊറുപ്പിക്കാതിരിക്കുകയും, മാതാപിതാക്കളെ പ്രാപിക്കുകയും എന്നാൽ തന്റെ പാപം പൊറുപ്പിക്കാനുള്ള സാഹചര്യം ഒരുക്കാതിരിക്കുകയും ചെയ്തവൻ നിർഭാഗ്യനാണെന്നും വന്നിട്ടുണ്ട്.

ഇതുസംബന്ധമായി ഈയൊരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമൂഹത്തിൽ തിന്മകൾ വ്യാപിക്കുമ്പോൾ അത് എല്ലാ വശത്തൂടെയും സ്വാധീനം ചെലുത്തുന്നതാണ്. ചിലപ്പോൾ മാതാപിതാക്കളിൽനിന്ന് പരാതി ഉണ്ടാകുന്നു. ചിലർ സ്വയം മാതാപിതാക്കളെ സേവിക്കുന്നുണ്ടാകും. അത് നല്ല കാര്യമാണ്. ചെയ്യേണ്ടതുമാണ്. പക്ഷേ, തന്റെ കുട്ടികളോട് അവരുടെ ഉമ്മയോട് നല്ല രീതിയിൽ പെരുമാറാൻ പറയുകയില്ല. ഇക്കാരണത്താൽ, വരുംതലമുറ നശിച്ചുപോകാനിടയുണ്ട്. നിങ്ങൾ മാതാപിതാക്കളെ സേവിക്കുക, അതിനോടൊപ്പം കുട്ടികൾക്ക് അവരുടെ ഉമ്മയോട് നല്ല നിലയിൽ പെരുമാറാനുള്ള ശിക്ഷണവും കൊടുക്കുക.

ചിലപ്പോൾ ഒരു മനുഷ്യൻ തന്റെ കുട്ടികളുടെ മുമ്പിൽവെച്ച് തന്റെ ഭാര്യയോടു മോശമായി പെരുമാറുകയും അവരെ അപമാനിക്കുകയും ചെയ്യും. അങ്ങനെവരുമ്പോൾ മാന്യത നിലനില്ക്കുകയില്ല. അതുകൊണ്ട് ഉമ്മയുടെ മാന്യത നിലനിർത്തുന്നതിനും കുട്ടികളുടെ ശിക്ഷണത്തിനും സ്വന്തം ഉമ്മയേയും കുട്ടികളുടെ ഉമ്മയേയും ആദരിക്കേണ്ടത് വളരെ അനിവാര്യമാണ്.

എതിരാളികൾക്കെതിരിൽ ചെയ്തിട്ടുള്ള ചില ഖുർആനിക ദുആകൾ ഇനി കേൾപ്പിക്കാം. ചിലർക്ക് ഇത് ഹൃദിസ്ഥമായിരിക്കും. ചിലർക്ക് ഹൃദിസ്ഥമായിരിക്കുകയില്ല. എന്നാൽ, ഞാൻ ഈ ദുആ ചെയ്യു

മ്പോൾ നിങ്ങൾ എന്നോടൊപ്പം ചൊല്ലുകയോ അല്ലെങ്കിൽ ആമീൻ പറയുകയോ ചെയ്യുക.

അല്ലാഹു നമ്മെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്ന് എപ്പഴും കാത്തുരക്ഷിക്കുമാറാകട്ടെ. കരുണ ചൊരിയുമാറാകട്ടെ. എപ്പോഴും തന്റെ സ്നേഹത്തിന്റെ ദൃഷ്ടി നമ്മുടെമേൽ പതിപ്പിക്കുമാറാകട്ടെ. നമ്മുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തുമാറാകട്ടെ.

അഹ്മദികൾക്ക് സഹിക്കാൻ പറ്റാത്തനിലയിലുള്ള ഉപദ്രവങ്ങൾ ചില സ്ഥലങ്ങളിൽ ഉണ്ടാകാറുണ്ട്. അത്തരം ഘട്ടങ്ങളിൽ നഷ്ടമുണ്ടാകുന്ന സ്ഥിതി ഒരഹ്മദിയ്ക്കും ഉണ്ടാകാതിരിക്കട്ടെ. നമ്മളിലോരോരുത്തരും അല്ലാഹു ജമാഅത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള ബർക്കത്തുക്കളിൽ ഭാഗഭാക്കായിത്തീരട്ടെ.

***റബ്ബിൻസ്വുർനീ ബിമാ കദ്ദബൂൻ*** എന്റെ നാഥാ! നീ എന്നെ സഹായിക്കേണമേ. എന്തെന്നാൽ ഇവർ എന്നെ നിഷേധിച്ചിരിക്കുന്നു. (*23:27*)

***റബ്ബിബ്നിലീ ഇൻദക്ക ബയ്ത്തൻ ഫിൽജന്നത്തി വ നജ്ജിനീ ഇൻദക്ക ബയ്ത്തൻ ഫിൽജന്നത്തി വ നജ്ജിനീ മിൻ ഫിർഔന വ അമലിഹി വ നജ്ജിനീ മിനൽഖൗമിൽള്ളാലിമീൻ.***

എന്റെ നാഥാ! നീ എനിക്കുവേണ്ടി നിന്റെ സവിധത്തിലുള്ള സ്വർഗ്ഗത്തിൽ ഒരു ഭവനം പണിതുതരേണമേ. ഫിർഔന്നിൽനിന്നും അവന്റെ ചെയ്തികളിൽ നിന്നും നീ എന്നെ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽനിന്ന് നീ എനിക്ക് മോചനം നല്കുകയും ചെയ്യേണമേ. (*66:12*)

ഇത് ഫിർഔന്റെ ഭാര്യ ചെയ്ത പ്രാർത്ഥനയാണ്. അഹ്മദികൾക്ക് ചില രാഷ്ട്രങ്ങളിൽ കഠിനമായ അവസ്ഥകളാണുള്ളത്. ഒരുപാട് ഫിർഔന്മാർ രംഗത്തുണ്ട്.

***റബ്ബനഫ്തഹ് ബയ്നനാ വബയ്ന ഖൗമിനാ ബിൽഹഖ്ഖി വ അൻത ഖയ്റുൽഫാതിഹീൻ.*** ഞങ്ങളുടെ നാഥാ! ഞങ്ങളുടേയും ഞങ്ങളുടെ ജനങ്ങളുടേയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കല്പിക്കേണമേ. തീരുമാനം ചെയ്യുന്നവരിൽ നീ ഏറ്റവും ഉത്തമനാണല്ലോ. (*7:90*)

***അന്നീ മഗ്ലൂബുൻ ഫൻതസ്വിർ.*** ഞാൻ പരാജിതനാണ്. എന്നെ നീ സഹായിക്കേണമേ. (*54:11*)

***ഫഫ്തഹ് ബയ്നീ വബയ്നഹും ഫത്ഹൻ വ നജ്ജിനീ വമൻമഇയ മിനൽ മുഅ്മിനീൻ.*** എനിക്കും അവർക്കുമിടയിൽ നീ ഖണ്ഡിതമായ ഒരു തീരുമാനം കല്പിക്കുകയും എന്നേയും എന്നോടപ്പമുള്ള സത്യവിശ്വാസികളേയും രക്ഷിക്കുകയും ചെയ്യേണമേ. (*26:119*)

***ഫഫ്റുഖ് ബയ്നനാ വബയ്നൽഖൗമിൽ ഫാസിഖീൻ*** എന്റെ നാഥാ! എന്നേയും എന്റെ സഹോദരനെയുമല്ലാതെ എനിക്ക് നിയന്ത്രിക്കാൻ ആവില്ല. അതുകൊണ്ട്, ഞങ്ങളേയും ധിക്കാരികളായ ജനങ്ങളേയും തമ്മിൽ നീ വേർതിരിക്കേണമേ. (*5:26*)

ഈ പ്രാർത്ഥനയും ഇക്കാലത്ത് ധാരാളമായി ചൊല്ലേണ്ടതാണ്. അല്ലാഹു മുസ്ലിംകൾക്കും വിവേകം നല്കുമാറാകട്ടെ. ശരിയായ നിലയിൽ അവർക്ക് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം എത്തിക്കുന്നതിനായി മുസ്ലിംരാഷ്ട്രങ്ങളിൽ ജമാഅത്തിന് വഴി തുറക്കുമാറാകട്ടെ. ഈ മുസ്ലിംകൾ, അവർക്ക് മുമ്പുള്ളവർ ഈ വഴിയിലുണ്ടാക്കിയിട്ടുള്ള എല്ലാ തടസ്സങ്ങളേയും കഠിനമായ പ്രവൃത്തികളേയും അകറ്റുമാറാകട്ടെ.

***റബ്ബനാ ആമന്നാ ബിമാ അൻസൽത്ത വത്തബഅ്നർറസൂല ഫക്തുബ്നാ മഅശ്ശാഹിദീൻ*** ഞങ്ങളുടെ നാഥാ! നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചു. ഈ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തേണമേ. (*3:54*)

ഈ ദുആയും എപ്പോഴും ചെയ്യേണ്ടതാണ്. സ്ഥിരചിത്തതയോടുകൂടി നാം ഇതിൽ നിലനില്ക്കേണ്ടതാണ്.

***റബ്ബി അഊദുബിക്ക് മിൻ ഹമസാത്തിശ്ശയാത്തീൻ.*** എന്റെ നാഥാ, അതിക്രമകാരികളായ ആളുകളുടെ ഉപദ്രവത്തിൽനിന്ന് ഞാൻ നിന്നോടു അഭയം തേടുന്നു. (*23:98*)

***വ അഊദുബിക്ക റബ്ബി അൻയ്യഹ്ളുറൂൻ*** എന്റെ നാഥാ, അവർ (ആ പിശാചുക്കൾ) എന്റെയടുക്കൽ വരുന്നതിൽനിന്നും ഞാൻ നിന്നോടു അഭയം തേടുന്നു. (*23:99*)

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമനം മുതൽ എപ്പോഴും ശയ്ത്വാന്മാർ ദുർബോധനങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. മുസ്ലിം ഉമ്മത്തിൽ, ആരുടെ കൈയിലാണോ പ്രസംഗപീഠമുണ്ടായിരുന്നത്, ആരാണോ ദീനിന്റെ ധ്വജവാഹകർ എന്ന് മനസ്സിലാക്കപ്പെട്ടിരുന്നത്, അവർ മുസ്ലിംസമുദായത്തെ വഴിതെറ്റിക്കുന്നതിൽ വലിയ റോളാണ് കാഴ്ചവെച്ചത്. ഇക്കൂട്ടരാണ് ഇത്തരം ദുർബോധനങ്ങൾ ചെയ്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിൽ മതിൽകെട്ടി

ഉയർത്തിയത്. അതുകൊണ്ട് ശയ്ത്വാന്റെ റോൾ ചെയ്തുകൊണ്ടിരിക്കുന്ന ഇത്തരം ആളുകളിൽനിന്ന് എപ്പോഴും അഭയം തേടേണ്ടതാണ്.

നബി(സ) തിരുമേനി ചെയ്ത പ്രാർത്ഥനകളാണ് ഇനി കേൾപ്പിക്കുന്നത്. ഹസ്റത്ത് ബുർദബിൻ അബ്ദുല്ലാഹ്(റ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറഞ്ഞു. എന്റെ പിതാവ് എന്നോട് പറയുകയുണ്ടായി. ഏതെങ്കിലും ജനതയിൽനിന്ന് ഭീഷണി ഉണ്ടാകുന്നതായി അറിഞ്ഞാൽ നബി(സ) ഈ വാക്കുകളിൽ ദുആ ചെയ്യുമായിരുന്നു.

***അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നൂഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം.***

അല്ലാഹുവേ, അവരെ നേരിടാൻ ഞങ്ങൾ നിന്നെതന്നെ അവരുടെ നെഞ്ചകങ്ങളിലാക്കുന്നു. അവരുടെ എല്ലാ ശർറുകളിൽനിന്നും ഞങ്ങൾ നിന്നോടു രക്ഷതേടുകയും ചെയ്യുന്നു.

പാദങ്ങളിൽ ഉറച്ചുനില്ക്കുന്നതിനായി നബി(സ) ഈ ദുആ പഠിപ്പിച്ചു. ശഹ്ർ ബിൻ ഹാശിഫ് വിവരിക്കുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ഉമ്മുസൽമ(റ)യോട് ചോദിച്ചു. ഉമ്മുൽ മുഅ്മിനീൻ നബി(സ) തിരുമേനി അങ്ങയുടെ അടുത്തുണ്ടായാൽ അവിടന്ന് ഏതു ദുആയാണ് ചെയ്യാറുണ്ടായിരുന്നത്? അവിടന്ന് പറഞ്ഞു. ***യാ മുഖല്ലബൽ ഖുലൂബി സബ്ബിത് ഖൽബീ അലാദീനിക്ക***. അല്ലയോ മനസ്സുകളെ തിരിക്കുന്നവനേ, നിന്റെ ദീനിൽ എന്റെ മനസ്സിനെ ഉറപ്പിച്ചുനിർത്തേണമേ.

ഹസ്റത്ത് അബൂഉമാമ(റ) നിവേദനം ചെയ്യുന്നു. ഞങ്ങൾക്ക് ഓർമ്മവയ്ക്കാൻ കഴിയാത്തവിധം നബി(സ) അധികമായി ദുആ ചെയ്തു. ഞങ്ങൾ നബി(സ) തിരുമേനിയോട് പറഞ്ഞു. അല്ലാഹുവിന്റെ റസൂലേ, അങ്ങ് ഒരുപാട് ദുആ ചെയ്തു. പക്ഷേ, അവയിൽ ഒന്നും ഞങ്ങൾക്ക് ഓർമ്മയില്ല. അപ്പോൾ നബി(സ) പറഞ്ഞു. ഈ എല്ലാ ദുആകളുമടങ്ങുന്ന ഒരു ദുആ ഞാൻ പറഞ്ഞുതരട്ടേയോ. എന്നിട്ട് പറഞ്ഞു. നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക. ***അല്ലാഹുമ്മ ഇന്നാ നസ്അലുക്ക മിൻഖയ്രി മാ സഅലക്ക മിൻഹു നബിയ്യുക്ക മുഹമ്മദൻ വ നഊദുബിക്ക മിൻശർറി മാ അസ്തആദ മിൻഹു നബിയ്യുക്ക മുഹമ്മദൻ വ അൻതൽ മുസ്തആനു വ അലയ്ക്കൽ ബലാഗു വലാ ഹൗല ലാ ഖുവ്വത്ത ഇല്ലാബില്ലാഹ്.***

അല്ലാഹുവേ, ഞങ്ങൾ നിന്നോട് നബി(സ) തിരുമേനി ചോദിച്ച നന്മകൾ ചോദിക്കുന്നു. നബി(സ) തിരുമേനി ഏതേതെല്ലാം ഉപദ്രവങ്ങളിൽനിന്ന് നിന്നോട് അഭയം തേടിയിരുന്നുവോ അതിൽനിന്നെല്ലാം ഞങ്ങളും നിന്നോട് അഭയം തേടുന്നു. യഥാർത്ഥ സഹായി നീ തന്നെയാണ്. നിന്നോട് ഞങ്ങൾ സഹായം തേടുന്നു. അല്ലാഹുവിന്റെ സഹായം കൂടാതെ ഞങ്ങൾക്ക് നന്മകൾ ചെയ്യാൻ ഒരു കഴിവുമില്ല. ശയ്ത്വാന്റെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാനുള്ള ശക്തിയും ഞങ്ങൾക്കില്ല.

അബൂനഹാനി പറയുന്നു: അദ്ദേഹം അബ്ദുർറഹ്മാൻ മബ്ലഗിൽനിന്നും അദ്ദേഹം അബ്ദുല്ലാഹ് ബിൻ അംറിബ്നുൽ ആസിൽനിന്നും അദ്ദേഹം നബി(സ) തിരുമേനിയിൽനിന്നും കേട്ടു. അവിടന്ന് പറഞ്ഞു. എല്ലാ മനുഷ്യരുടേയും ഹൃദയം പരമകാരുണികനായ അല്ലാഹുവിന്റെ വിരലുകളിൽ രണ്ട് വിരലിൽ ഒരു ഹൃദയത്തെപ്പോലെയാണ്. അവനിഷ്ടപ്പെടുന്നതുപോലെ അതിനെ തിരിക്കുന്നു. പിന്നീട് നബി(സ) പ്രാർത്ഥിച്ചു. ***അല്ലാഹുമ്മ മുസർരിഫുൽ ഖുലൂബി സർരിഫുൽഖുലൂബനാ അലാ താഅത്തിക്ക*** അല്ലയോ ഹൃദയത്തെ മാറ്റിമറിക്കുന്നവനെ, ഹൃദയങ്ങളെ നിന്റെ അനുസരണത്തിലേക്ക് തിരിച്ചുവിട്ടാലും.

അല്ലാഹുവിനെ അനുസരിക്കുകയെന്നാൽ അല്ലാഹു നൽകിയിട്ടുള്ള വ്യവസ്ഥിതിയെ അനുസരിക്കുക എന്നതാണ്. ഇതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടിരിക്കേണ്ടതാണ്.

അക്രമിയുടെ അക്രമങ്ങളിൽനിന്ന് രക്ഷപ്പെടാനുള്ള ഒരു പ്രാർത്ഥന നിവേദനങ്ങളിൽ ഇങ്ങനെ വന്നിരിക്കുന്നു. ഖാലിദ്ബിൻ ഉംറാൻ നിവേദനം ചെയ്യുന്നു. ഇബ്നു ഉമർ(റ) പറയുന്നു. നബി(സ) തിരുമേനി തന്റെ സഹാബത്തിനുവേണ്ടി ഇങ്ങനെ ദുആ ചെയ്യാതെ മജ്ലിസിൽനിന്ന് അപൂർവ്വമായേ എഴുന്നേൽക്കാറുണ്ടായിരുന്നുള്ളൂ. അല്ലാഹുവേ, നിന്റെ ഖശിയത് (ദൈവഭയം) ഞങ്ങളുടേയും നിന്നോടു ഞങ്ങൾ കാണിക്കുന്ന അനുസരണക്കേടിന്റേയും ഇടയിൽ മറയായി തീരുമാറ് നീ വിതരണം ചെയ്താലും. നിന്റെ സ്വർഗ്ഗംവരെ ഞങ്ങളെ എത്തിക്കുന്ന തരത്തിലുള്ള അനുസരണം പാലിക്കാൻ ഞങ്ങളെ അനുഗ്രഹിച്ചാലും. ദുൻയാവിൽ ഞങ്ങൾക്ക് നേരിടുന്ന പ്രശ്നങ്ങൾ എളുപ്പമാകുംവിധമുള്ള ദൃഢവിശ്വാസം നീ ഞങ്ങൾക്ക് നൽകിയാലും. ഞങ്ങളുടെ ജീവിതകാലം മുഴുവനും ഞങ്ങളുടെ കണ്ണുകളിൽനിന്നും ചെവികളിൽനിന്നും കഴിവുകളിൽനിന്നും ഫലമെടുക്കാനുള്ള ഭാഗ്യം നൽകിയാലും. ഞങ്ങളുടെ മേൽ അക്രമം ചെയ്യുന്നവരോട് നീ തന്നെ പകരം വീട്ടേണമേ. ഞങ്ങളോട് ശത്രുത

പുലർത്തുന്നവർക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾക്കുണ്ടാകുന്ന വിപത്തുകൾ ഞങ്ങളുടെ ദീൻ കാരണത്താലാകരുത്. ദുൻയാവ് സമ്പാദിക്കുക എന്നതായിരിക്കരുത് ഞങ്ങളുടെ ഏറ്റവും വലിയ ചിന്ത. ഞങ്ങളുടെ അറിവിന്റെ ലക്ഷ്യവും അതാകരുതേ. ഞങ്ങളോട് കരുണ കാണിക്കാത്തവരെ ഞങ്ങളുടെ നേതാക്കളാക്കരുതേ.

ഇബ്നു അബ്ബാസ്(റ) പറയുന്നു. നബി(സ) ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. അല്ലാഹുവേ, എന്നെ സഹായിക്കേണമേ. എനിക്കെതിരിൽ ആരേയും സഹായിക്കരുതേ. എന്നെ രക്ഷിക്കേണമേ. എനിക്കെതിരിൽ ആരേയും രക്ഷിക്കരുതേ. എനിക്കനുകൂലമായി വിധിക്കേണമേ. എന്നാൽ എനിക്കെതിരിൽ വിധിക്കരുതേ. എനിക്ക് സന്മാർഗ്ഗം നൽകേണമേ. സന്മാർഗ്ഗത്തെ എനിക്ക് എളുപ്പമാക്കിത്തരേണമേ. എന്നോട് അതിക്രമം കാണിക്കുന്നവനെതിരിൽ എന്നെ സഹായിക്കേണമേ. അല്ലാഹുവേ, എന്നെ അധികമായി നിന്നോട് നന്ദി കാണിക്കുന്നവനും നിന്നെ സ്മരിക്കുന്നവനും നിന്നെ ഒരുപാട് ഭയക്കുന്നവനും നിന്നെ അനുസരിക്കുന്നവനും നിന്നിലേക്ക് കുനിയുന്നവനും മൃദുലഹൃദയനുമാക്കേണമേ. അല്ലാഹുവേ, എന്റെ തൗബാ സ്വീകരിക്കേണമേ. എന്റെ പാപങ്ങളെ കഴുകി വൃത്തിയാക്കേണമേ. എന്റെ ദുആ സ്വീകരിക്കേണമേ. എന്റെ തെളിവുകളെ പ്രബലമാക്കേണമേ. എന്റെ നാവിനെ നേർമാർഗ്ഗത്തിൽ ചലിപ്പിക്കേണമേ. എന്റെ ഹൃദയത്തിന് സന്മാർഗ്ഗം നൽകേണമേ. എന്റെ മനസ്സിലുള്ള പകയെ അകറ്റേണമേ.

ഇനി ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ചില ഇൽഹാമി പ്രാർത്ഥനകളാണ് പറയുന്നത്.

***റബ്ബി ഫസ്നീ ഫഇന്നൽഖൗമ യത്തഖ്ദൂനനീ സുഖ്റാ.*** എന്റെ രക്ഷിതാവേ, എന്നെ നീ കാത്തുരക്ഷിക്കേണമേ. കാരണം ഈ ജനത എന്നെ പരിഹാസപാത്രമാക്കിയിരിക്കുന്നു.

1906ലുണ്ടായ ഇൽഹാം.

***റബ്ബി ലാ തുബ്ഖിലീ മിനൽമുഖ്സിയാത്തി ദിക്റാ.*** എന്റെ രക്ഷിതാവേ, പരിഹസിക്കുന്ന ഒന്നിനേയും എനിക്കായി ബാക്കിവയ്ക്കരുതേ.

***റബ്ബിജ്ൽനീ ഗാലിബൻ അലാഗയ്രീ*** എന്റെ നാഥാ, എനിക്കെതിരിലുള്ളവരുടെ മേൽ എനിക്ക് വിജയം നല്കേണമേ.

***റബ്ബനാ ലാ തജ്അൽനാ തുഹമത്തൻല്ലിൽ ഖൗമിൽ ള്ളാലിമീൻ*** ഞങ്ങളുടെ നാഥാ, ഞങ്ങളെ അക്രമികളായ ജനങ്ങൾക്കിരയാക്കരുതേ.

***റബ്ബി അർനീ കയ്ഫ തുഹ്യിൽ മൗത്താ- റബ്ബി ഗ്ഫിർ വർഹം മിനസ്സമാ- റബ്ബി ലാതദർനീ ഫർദൻ വ അൻത ഖയ്റുൽ വാരിസീൻ- റബ്ബി അസ്ലിഹ് ഉമ്മത്തമുഹമ്മദിൻ- റബ്ബനഫ്തഹ് ബയ്നനാ വ ബയ്ന ഖൗമിനാ ബിൽഹഖ്ഖി വഅൻത ഖയ്റുൽ ഫാതിഹീൻ.*** എന്റെ റബ്ബേ, നീ എങ്ങനെയാണ് മരിച്ചവരെ ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതന്നാലും. എന്റെ നാഥാ, എനിക്ക് പൊറുത്തുതരേണമേ. ആകാശത്തുനിന്ന് കരുണ ചൊരിയേണമേ. എന്റെ നാഥാ, എന്നെ ഏകനായി വിട്ടുകളയരുതേ. നീ ഉത്തമനായ അനന്തരാവകാശിയെ സൃഷ്ടിക്കുന്നവനാണ്. എന്റെ നാഥാ, മുസ്ലിം സമുദായത്തെ നേരായ പാതയിലാക്കേണമേ, ഞങ്ങളുടെ നാഥാ ഞങ്ങളുടേയും ഞങ്ങളുടെ ജനതയുടേയും ഇടയിൽ സത്യംകൊണ്ട് നീ വിധി കല്പിക്കേണമേ. നീ വിധികർത്താക്കളിൽ ഉത്തമനാണ്.

എന്റെ നാഥാ, നിന്റെ ദാസനെ സഹായിക്കേണമേ. നിന്റെ ശത്രുവിനെ നിന്ദിതനും അപമാനിതനുമാക്കേണമേ. എന്റെ നാഥാ, എന്റെ പ്രാർത്ഥന കേൾക്കേണമേ. അത് സ്വീകരിക്കേണമേ. നിന്നേയും നിന്റെ റസൂലിനേയും എത്രനാൾ ഇവർ പരിഹസിച്ചുകൊണ്ടിരിക്കും? എത്രകാലം വരെ നിന്റെ ഗ്രന്ഥത്തെ ഇവർ നിഷേധിക്കുകയും നിന്റെ നബിക്കെതിരിൽ ചീത്തവാക്കുകൾ പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും? ആദ്യനും അനന്തനും സഹായിയുമായ അല്ലാഹുവേ, ഞാൻ നിന്റെ കാരുണ്യത്തെ മധ്യസ്ഥമാക്കിക്കൊണ്ട് നിന്റെ തിരുസന്നിധിയിൽ വിലപിക്കുന്നു.

ഇക്കാലത്ത് പാശ്ചാത്യദേശത്ത് കഴിഞ്ഞ കുറേകാലമായി തുടർച്ചയായിട്ട് നബി(സ) യ്ക്കെതിരിലും ഖുർആനെതിരിലും ഇസ്ലാമിന്നെതിരിലും എന്തെങ്കിലുമൊക്കെ എതിർപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ ദുആ ഒരുപാട് ചെയ്യേണ്ടതാണ്. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. അവരുടെ ഉപദ്രവങ്ങളിൽനിന്ന് നമ്മെ രക്ഷിക്കുമാറാകട്ടെ.

***യാഹയ്യു യാ ഖയ്യൂം ബിറഹ്മത്തിക്ക് അസ്തഗീസ്- ഇന്നറബ്ബി റബ്ബുസ്സമാവാത്തി വൽഅർള്***

യാഹയ്യു യാ ഖയ്യൂം നിന്റെ കാരുണ്യംകൊണ്ട് എന്നെ സഹായിക്കേണമേ. നിശ്ചയമായും എന്റെ നാഥൻ ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനാ

കുന്നു.

മുസ്ലിം സമുദായത്തിനുവേണ്ടിയും ദുആ ചെയ്യുക. ***റബ്ബി അസ്‌ ലിഹ് ഉമ്മത്ത മുഹമ്മദിൻ*** ആദരവുടയവനായ രക്ഷിതാവേ, മുസ്ലിം സമുദായത്തെ പരിഷ്കരിക്കേണമേ. ആദ്യനും അനന്തനുമായ അല്ലാഹുവേ, എന്നെ ജീവിതത്തിന്റെ സർബത്ത് കുടിപ്പിച്ചാലും.

***റബ്ബി ഫർരിഖ് ബയ്ന സ്വാദിഖിൻ വ കാദിബിൻ*** എന്റെ നാഥാ, സത്യവാനേയും അസത്യവാനേയും നീ വേർതിരിച്ച് കാണിക്കേണമേ.

ഇക്കാലത്ത് എല്ലായിടത്തും പ്രത്യേകിച്ച് മുസ്ലിം രാഷ്ട്രങ്ങളിൽ മുല്ലാക്കൾക്ക് മൂർച്ച കൂടിയിട്ടുണ്ട്. മസീഹ് മൗഊദ്(അ)നെതിരിൽ വളരെ മോശമായ പദങ്ങൾ ഉപയോഗിക്കുന്നു. അത് കേൾക്കുമ്പോൾ നെഞ്ചുരുകിപ്പോകുന്നു. അതുകൊണ്ട് ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ഒന്നുകിൽ ഇവർക്ക് വിവേകബുദ്ധി നല്കുമാറാകട്ടെ. അല്ലെങ്കിൽ വ്യക്തമായ വ്യത്യാസം കാണിച്ചുകൊണ്ട് ഇവർക്ക് ഇവരുടെ അന്ത്യം കാണിക്കുമാറാകട്ടെ. അത് മറ്റുള്ളവർക്ക് പാഠമായിത്തീരട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളെ നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങൾക്ക് വന്നുപെട്ടേക്കാവുന്ന വിപത്തുകളേയും ബുദ്ധിമുട്ടുകളേയും നീ തടയേണമേ. സർവ്വവിധ അല്ലലുകളിൽനിന്നും ഞങ്ങളുടെ ഹൃദയങ്ങൾക്ക് നീ മോചനം നൽകേണമേ. ഞങ്ങൾ നിർവ്വഹിക്കേണ്ട പ്രധാന കാര്യങ്ങൾക്ക് നീ ജാമ്യക്കാരനാകേണമേ. ഞങ്ങൾ എവിടെയാണോ അവിടെ നീ ഞങ്ങളോടൊപ്പം ഉണ്ടായിരിക്കേണമേ. ഞങ്ങളുടെ പ്രേമഭാജനമായവനേ, ഞങ്ങളുടെ ന്യൂനതകളെ നീ മറച്ചുവെക്കുകയും ഞങ്ങളുടെ ഭയത്തിൽ നീ ഞങ്ങൾക്ക് നിർഭയം നൽകുകയും ചെയ്യേണമേ. നിന്റെയടുക്കൽ ഞങ്ങൾ ഭരമേല്പിക്കുകയും സർവ്വകാര്യങ്ങളും സമർപ്പിക്കുകയും ചെയ്യുന്നു. ഇഹത്തിലും പരത്തിലും നീ തന്നെയാണ് ഞങ്ങളുടെ രക്ഷകൻ. കാരുണ്യവാന്മാരിൽ ഏറ്റവും നല്ല കാരുണ്യവാൻ നീ തന്നെയാണ്. സർവ്വലോകപരിപാലകാ, നീ ഞങ്ങളുടെ പ്രാർത്ഥന സ്വീകരിച്ചാലും."

മുസ്ലിംകളുടെ നേതാക്കളായി ചമഞ്ഞുനടക്കുന്ന ഉലമാക്കന്മാരോട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. മുസ്ലിംകളുടെ ശയ്ഖന്മാരേ, നേതാക്കന്മാരേ, നിങ്ങൾ സാക്ഷിയായിരിക്കുക, ഞാൻ അല്ലാഹുവിന്റെ മുമ്പിൽ ഇരുകയ്യും നീട്ടി നിങ്ങൾക്കായി ദുആ ചെയ്യുന്നു. എന്റെ നാഥാ, എന്റെ നാഥാ, എന്റെ ജനതയെക്കുറിച്ചുള്ള എന്റെ പ്രാർത്ഥനയും എന്റെ സഹോദരന്മാരെക്കുറിച്ചുള്ള എന്റെ വിലാപവും കേൾക്കേണമേ. ഞാൻ നിന്റെ നബിയായ ഖാത്തമുന്നബിയ്യീൻ(സ)യെ മധ്യസ്ഥനാക്കിക്കൊണ്ട് അപേക്ഷിക്കുകയാണ്. എന്റെ നാഥാ, ഇവരെ അന്ധകാരങ്ങളിൽനിന്ന് നിന്റെ പ്രകാശത്തിലേക്ക് കൊണ്ടുവരേണമേ. ദൂരെ മരുഭൂമിയിൽ കിടക്കുന്ന ഇവരെ നിന്റെ സന്നിധിയിലേക്ക് കൊണ്ടുവരേണമേ. എന്റെ നാഥാ എന്നെ ശപിച്ചുകൊണ്ടിരിക്കുന്ന ഇവരുടെമേൽ കരുണ ചൊരിയേണമേ. എന്റെ ഇരുകൈകളും വെട്ടിമാറ്റാൻ ആഗ്രഹിക്കുന്ന ഇവരെ നാശങ്ങളിൽനിന്ന് രക്ഷിക്കേണമേ. ഇവരുടെ ഹൃദയങ്ങളുടെ വേരുകളിൽ സന്മാർഗ്ഗം പ്രവഹിപ്പിക്കേണമേ. ഇവരുടെ പാപങ്ങളും തെറ്റുകളും പൊറുത്തുകൊടുക്കേണമേ. നീ ഇവർക്ക് പൊറുത്തുകൊടുക്കുകയും മാപ്പ് കൊടുക്കുകയും ചെയ്യേണമേ. ഇവരോട് രഞ്ജിപ്പിലാവുകയും ഇവരെ ശുദ്ധീകരിക്കുകയും ചെയ്യേണമേ. ഇവർക്ക് കാണാനുള്ള കണ്ണ് നൽകേണമേ. കേൾക്കാനുള്ള ചെവികൾ നൽകേണമേ. മനസ്സിലാക്കാനുള്ള ഹൃദയം നൽകേണമേ. തിരിച്ചറിയാനുള്ള വെളിച്ചം നൽകേണമേ. ഇവരുടെ മേൽ കരുണ ചൊരിയേണമേ. ഇവർ പറയുന്നതെല്ലാം ഇവർക്ക് പൊറുത്തുകൊടുക്കേണമേ. കാരണം ഇവർ കാര്യമറിയാത്ത ജനതയാണ്. എന്റെ നാഥാ, മുസ്തഫാ(സ)യുടെ മുഖവും ആ മഹാത്മാവിന്റെ ഉന്നതമായ പദവികളും മധ്യസ്ഥമാക്കി, രാത്രിയിൽ എഴുന്നേറ്റ് നിന്റെ മുമ്പിൽ നിൽക്കുന്ന സത്യവിശ്വാസികളേയും നട്ടുച്ചവെളിച്ചത്തിൽ യുദ്ധങ്ങളിൽ പങ്കെടുക്കുന്ന നമസ്ക്കാരക്കാരേയും യുദ്ധവേളകളിൽ നിനക്കുവേണ്ടി സഞ്ചരിക്കുന്ന വീരപോരാളികളേയും ഉമ്മൽഖുറാ- ആദരണീയ ദേവാലയത്തിലേക്ക് യാത്ര ചെയ്യുന്ന തീർത്ഥാടന സംഘത്തേയും മധ്യസ്ഥമാക്കി, നീ ഞങ്ങളുടേയും ഞങ്ങളുടെ സഹോദരങ്ങളുടേയും ഇടയിൽ രഞ്ജിപ്പുണ്ടാക്കേണമേ. നീ ഇവരുടെ കണ്ണുകൾ തുറക്കേണമേ. ഇവരുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കേണമേ. എനിക്ക് മനസ്സിലാക്കിത്തന്നത് ഇവർക്കും മനസ്സിലാക്കിക്കൊടുക്കേണമേ. തഖ്‌വയുടെ വഴിയിലെ അറിവ് ഇവർക്ക് നൽകേണമേ. എന്തൊന്ന് കഴിഞ്ഞുവോ അതെല്ലാം മാപ്പാക്കണമേ. അവസാനം നമ്മുടെ പ്രാർത്ഥന ഇതാണ്, സർവ്വസ്തുതിയും അത്യുന്നതനായ അല്ലാഹുവിനാകുന്നു."

ഇത്രമാത്രം പ്രാർത്ഥനകളാണ് ഹസ്റത്ത്

മസീഹ് മൗഊദ്(അ) മുസ്ലിം സമുദായത്തിനു വേണ്ടി ചെയ്തത്. ഇത്ര പ്രിയങ്കരമായ നിലയിൽ അല്ലാഹുവിനോട് ഇവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടും ഇവർക്ക് കാര്യം മനസ്സിലാകുന്നില്ല. ഇവർ വീണ്ടും ദോഷങ്ങളിലേക്ക് ഈ ജനതയെ കൊണ്ടുപോകുന്നു. ഇനിയിപ്പോൾ ദൈവവിധി എന്താണോ വെളിപ്പെടുത്തുന്നത് അതായിരിക്കും ഉണ്ടാകുക. ഇൻശാഅല്ലാഹ്. പക്ഷേ, നമ്മൾ എന്തായാലും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. ഇവർ പാപങ്ങളിൽനിന്ന് രക്ഷപ്പെടുമാറാകട്ടെ. വഴിതെറ്റിപ്പോകുന്നതിൽനിന്ന് ജനത സുരക്ഷിതമായിരിക്കട്ടെ. ഇല്ലെങ്കിൽ ഈ നേതാക്കന്മാര അല്ലാഹുതന്നെ കൈകാര്യം ചെയ്യുമാറാകട്ടെ.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ദുആയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു. ഏതുപോലെ ആദിമകാലത്ത് ആദം(അ)ന് ശയ്ത്വാന്റെ മേൽ പ്രാർത്ഥന മുഖേന വിജയം നൽകിയോ അതുപോലെ ഈ അവസാനകാലത്തും ദുആ മുഖേന വിജയവും നേതൃത്വവും നൽകപ്പെടുന്നതാണ്; വാളുമുഖേനയല്ല. ഓരോ കാര്യങ്ങൾക്കും ചില ലക്ഷണങ്ങളുണ്ടാകും. അതിനു മുമ്പേ മുഖവുരയുണ്ടാകും. ഇവരുടെ ചിന്താഗതിയനുസരിച്ച് ഇക്കാലം ഇവരുടെ ഹൃദയം ഉരച്ചുനോക്കേണ്ടതായിരുന്നു. മസീഹ് വന്നിട്ട് ഇവർക്ക് ഭരണം നൽകണമായിരുന്നു. അങ്ങനെയാണെങ്കിൽ ബാഹ്യമായ ശക്തിയും ഇവരിൽ കാണണമായിരുന്നു. ആയുധങ്ങൾ ഇവരുടെ പക്കൽ അധികമുണ്ടാകണമായിരുന്നു. വിജയങ്ങളുടെ പരമ്പര ഇവർക്കായി തുറക്കപ്പെടണമായിരുന്നു. എന്നാൽ, ഇവിടെ തികച്ചും വിഭിന്നമായിട്ടാണ് കാര്യങ്ങൾ കാണുന്നത്. ആയുധങ്ങൾ ഇവരുടെ കൈയിലില്ല. രാജ്യവും സമ്പത്തും ഉണ്ടെങ്കിലും അതെല്ലാം അന്യരുടെ കൈകളിലാണ്. ധൈര്യവും തന്റേടവും കാണുന്നതും അന്യരിലാണ്. ആയുധം വേണമെങ്കിലും ഇവർ മറ്റുള്ളവരെ ആശ്രയിക്കണം. ഓരോ ദിവസവും നിന്ദിതയും അധഃപതനവുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എവിടെ നോക്കിയാലും ഏതുരംഗത്തും ഇവർക്കാണ് പരാജയം. ഇതാണോ ഉന്നതിയുടെ ലക്ഷണങ്ങൾ! ഒരിക്കലുമല്ല. ഇവർ വഴിവിട്ട് കൂടുതെറ്റി അലഞ്ഞുനടക്കുന്നവരാണ്. ഭൗമികമായ ആയുധങ്ങൾകൊണ്ട് ഒരിക്കലും വിജയമുണ്ടാകുകയില്ല. ഇപ്പോൾ ഇവരുടെ അവസ്ഥതന്നെ ദീനില്ലാത്തതുപോലെയായതിനാൽ ദൈവശിക്ഷയ്ക്കും കോപത്തിനും അർഹരായിത്തീർന്നിരിക്കുന്നു. ഇത്തരക്കാർക്ക് എപ്പോഴെങ്കിലും വാൾ കിട്ടിയിട്ടുണ്ടോ? ഒരിക്കലുമില്ല. ഇവരുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള സത്യമായമാർഗ്ഗം, തങ്ങളെ ഖുർആന്റെ അദ്ധ്യാപനമനുസരിച്ച് ആക്കിത്തീർക്കുകയും ദുആയിൽ മുഴുകുകയും ചെയ്യുക എന്നതാണ്. ഇവർക്ക് എവിടെനിന്നെങ്കിലും സഹായം കിട്ടുകയാണെങ്കിൽ അത് ദൈവികമായ വാൾ മുഖേനയും ആയുധങ്ങൾ മുഖേനയുമായിരിക്കും. അല്ലാതെ, സ്വന്തം പരിശ്രമം കൊണ്ടല്ല. പ്രാർത്ഥനയിലൂടെയാണ് ഇവരുടെ വിജയം. കരബലം കൊണ്ടല്ല. ആദ്യം എങ്ങനെയായിരുന്നുവോ അതുപോലെ അന്ത്യവും ആകുന്നതിനുവേണ്ടിയാണിത്. ആദ്യത്തെ ആദമിന് വിജയം ഉണ്ടായത് പ്രാർത്ഥന മുഖേനയായിരുന്നു. അവസാനകാലത്ത് ശയ്ത്വാനുമായി യുദ്ധം ചെയ്യേണ്ട രണ്ടാമത്തെ ആദമിനും ഇതുപോലെ പ്രാർത്ഥന മുഖേനയായിരിക്കും വിജയം ഉണ്ടാകുന്നത്.

ഈ രണ്ടാമത്തെ ആദമിന്റെ മിഷനെ അതിന്റെ ഉന്നതിവരെ എത്തിക്കുന്നതിനും അല്ലാഹുവിന്റെ ദൃഷ്ടിയിൽ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നവരായിത്തീരുന്നതിനും അതിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവൻതന്നെ നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ.

Eid Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 13.10.2005 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala